# വനം വകുപ്പാസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടി ഉത്തരവ്

**പുറപ്പെടുവിക്കുന്നത് : പി.ആർ.ശ്രീലത**

**വിഷയം:-** വനംവകുപ്പ് - ജീവനക്കാര്യം-വനം വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയിൽ ഉണ്ടായിരിക്കുന്ന ഒഴിവുകളിൽ 10% ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം വഴി നിയമനം നൽകി കൊണ്ട് പുറപ്പെടുവിക്കുന്ന ഉത്തരവ് - സംബന്ധിച്ച്.

**സൂചന:-**

1. സ.ഉ (പി) നമ്പർ 1/14/ഉ.ഭ.വ തീയതി 03.01.2014.
2. സ.ഉ (പി) നമ്പർ 21/14/ഉ.ഭ.വ തീയതി 19.07.2014.
3. സ.ഉ (പി) നമ്പർ 16/15/ഉ.ഭ.വ തീയതി 28.05.2015.
4. സ.ഉ (പി) നമ്പർ 19/15/ഉ.ഭ.വ തീയതി 20.06.2015.
5. ഈ ഓഫീസിലെ 10.09.2015-ലെ ഇ2-1830/14 നമ്പർ ഉത്തരവ്.
6. സർക്കാർ കത്ത് നമ്പർ 13510/എഫ്2/15/വനം തീയതി 18.01.2015.

30/1/16
ACF (GIS)

**ഉത്തരവ് നമ്പർ ഇ3- 31989/2014 തീയതി : 29/01/2016**

വിവിധ സർക്കാർ വകുപ്പുകളിൽ ക്ലാർക്ക് തസ്തികകളിൽ ഉണ്ടാകുന്ന ഒഴിവുകളുടെ 10% അതാത് വകുപ്പുകളിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും സബോർഡിനേറ്റ് സർവ്വീസിൽ ഉൾപ്പെട്ട ലോവർ ഡിവിഷൻ ക്ലാർക്ക് തസ്തികയുടെ ശംമ്പളത്തേക്കാൾ താഴ്ന്ന ശംമ്പള സ്കെയിലിലുള്ള താഴ്ന്ന വിഭാഗം ജീവനക്കാർക്കും യോഗ്യതയുടെയും ആദ്യ നിയമന തസ്തികയുടെ സീനിയോരിറ്റിയുടേയും അടിസ്ഥാനത്തിൽ അതാത് വകുപ്പിലെ ക്ലാർക്ക് തസ്തികയിലേക്ക് തസ്തികമാറ്റം വഴി നിയമനം നൽകുന്നതിന് അനുമതി നൽകികൊണ്ട് സൂചന (1) (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. തസ്തികമാറ്റം വഴിയുള്ള നിയമനത്തിനായി 10% ഒഴിവുകൾ ജില്ലാ തലത്തിൽ കണ്ടെത്തുവാൻ പ്രസ്തുത ഉത്തരവിന്മേൽ നിഷ്കർഷിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ 10% ക്ലാർക്ക് തസ്തികകളുടെ ഒഴിവുകൾ തസ്തികമാറ്റ നിയമനത്തിനായി മാറ്റി വയ്ക്കുവാൻ കഴിയാത്ത വകുപ്പുകളിൽ ക്ലാർക്ക് തസ്തികയുടെ സംസ്ഥാനതല അംഗബലം കണക്കാക്കി സംസ്ഥാന തലത്തിലുണ്ടാകുന്ന ആകെ ഒഴിവുകളുടെ 10% തസ്തികമാറ്റ നിയമനത്തിനായി നീക്കി വയ്ക്കുവാനും ഓരോ വകുപ്പിലേയും ക്ലാർക്ക് തസ്തികയുടെ സംസ്ഥാനതലത്തിലുള്ള അംഗബലത്തിന്റെ 10%-ൽ ഇപ്രകാരത്തിലുള്ള തസ്തികമാറ്റ നിയമനം എത്തിച്ചേരുന്നത് വരെ തുടരുവാനും അനുമതി നൽകികൊണ്ട് സൂചന (3), (4) പ്രകാരം സർക്കാർ ഉത്തരവായിരുന്നു.

വനംവകുപ്പിൽ എല്ലാ ജില്ലകളിലും ക്ലാർക്ക് തസ്തികയുടെ നിലവിലുള്ള അംഗബലത്തിന്റെ അടിസ്ഥാനത്തിൽ 10% നീക്കിവയ്ക്കുവാൻ സാധികാത്തതിനാൽ

വനംവകുപ്പിലെ സംസ്ഥാനതലത്തിലുള്ള ക്ലാർക്ക് തസ്തികയുടെ അംഗബലത്തിന്റെ 10% ഒഴിവുകളിലേക്ക് തസ്തികമാറ്റനിയമനം വഴി ക്ലാർക്കായി നിയമനം ലഭിക്കുന്നതിന് അർഹരായ ജീവനക്കാരുടെ താൽക്കാലിക സംയോജിത സംസ്ഥാനതല സെലക്ട് ലിസ്റ്റ് പുറപ്പെടുവിച്ച് കൊണ്ട് സൂചന (5) പ്രകാരം ഉത്തരവാകുകയും, വനംവകുപ്പിൽ എല്ലാ ജില്ലകളിലും ക്ലാർക്ക് തസ്തികയുടെ 10% തസ്തികമാറ്റത്തിനായി നീക്കിവയ്ക്കുവാൻ സാധിക്കാത്തതിനാൽ വകുപ്പിലെ ക്ലാർക്ക് തസ്തികയുടെ Cadre Strength സംസ്ഥാനതലത്തിൽ കണക്കാക്കി ആയതിന്റെ 10% തസ്തികമാറ്റ നിയമനത്തിനായി നീക്കിവക്കുവാൻ സൂചന (6) പ്രകാരം സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. സൂചന (1), (2) സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കും പ്രകാരം വനംവകുപ്പിൽ 444-ക്ലാർക്ക് തസ്തികകളാണ് നിലിവിലുള്ളത് ആയതിൽ സൂചന (1) ഉത്തരവ് തീയതിക്ക് ശേഷം വനംവകുപ്പിലുണ്ടായ ക്ലാർക്കുമാരുടെ ഒഴിവുകളുടെ അടിസ്ഥാനത്തിൽ നിലവിൽ 11-പേർക്ക് തസ്തികമാറ്റം വഴി ക്ലാർക്കായി നിയമനം ലഭിക്കുവാൻ അർഹതയുണ്ട്. ആയതിൽ ജില്ലാതലത്തിൽ തസ്കിമാറ്റം വഴി 9 പേർക്ക് ഇതിനോടകം തന്നെ നിയമനം നൽകുകയും ശേഷിക്കുന്ന രണ്ട് പേർക്ക് കൂടി തസ്തികമാറ്റം വഴി നിയമനം നൽകേണ്ടതുമുണ്ട്.

മേൽ സാഹചര്യത്തിൽ സൂചന (5) പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സംസ്ഥാനതല സെലക്ട് ലിസ്റ്റിലെ ക്രമനമ്പർ-2-ഉം വനംവകുപ്പാസ്ഥാനത്ത് ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്) ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.ജെ.അശോകൻ, ക്രമനമ്പർ-4-ഉം വനംവകുപ്പാസ്ഥാനത്ത് ഭരണവിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഓഫീസിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ.പി.ബാലകൃഷ്ണൻ നായർ എന്നിവരെ 9940-270-11020-300-12220-330-13540-360-14980 -400-16580 എന്ന ശമ്പള സ്കെയിലിൽ വനംവകുപ്പാസ്ഥാനത്ത് നിലവിലുള്ള ക്ലാർക്കിന്റെ ഒഴിവിൽ തസ്തികമാറ്റം വഴി നിയമനം നൽകി ഉത്തരവാകുന്നു. ടി രണ്ട് ഉദ്യോഗസ്ഥരും ഈ ഉത്തരവ് കൈപ്പറ്റി 15-ദിവസത്തിനകം വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം വനംവകുപ്പാസ്ഥാനത്തെ സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ മുമ്പാകെ ജോലിക്കായി ഹാജരാകേണ്ടതാണ്.

Sd/-

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ,
ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

പകർപ്പ്: 1. ശ്രീ. ജെ.അശോകൻ, ഓഫീസ് അറ്റൻഡന്റ് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്) മുഖേന.

2. ശ്രീ.പി. ബാലകൃഷ്ണൻനായർ, അറ്റൻഡർ, അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ, (ഭരണം) മുഖേന.

3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്.

4. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ & ചീഫ് വൈൽഡ് ലൈഫ് വാർഡൻ.

5. എല്ലാ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ- മാർക്കും.

6. എല്ലാ അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ- മാർക്കും.

7. ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററിന്റെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റിന്,

8. അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ(FMIS), വനംവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.

9. എല്ലാ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ-മാർക്കും.

10. എല്ലാ ഫോറസ്റ്റ് കൺസർവേറ്റർ -മാർക്കും.

11. എല്ലാ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ / വൈൽഡ് ലൈഫ് വാർഡൻ / വർക്കിങ്ങ് പ്ലാൻ ഓഫീസർ/ മാർക്കും

സീനിയർ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്, (എഫ്.എച്ച്)

ഇ2-സെക്ഷൻ, ഇ5-സെക്ഷൻ, എച്ച്-സെക്ഷൻ, സ്റ്റോക്ക് ഫയൽ.